(ഡി) ഡയറി കോളേജിനുള്ള സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; സ്ഥലം എടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദമാക്കുമോ; സ്ഥലം കൈമാറുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ ഒരു വെറ്ററിനറി കോളേജും, ഇടുക്കി ജില്ലയിൽ ഒരു ഡയറി സയൻസ് കോളേജും തുടങ്ങാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) ഉണ്ട്. 40 സീറ്റ് അനുവദിച്ചിട്ടുണ്ട്.

(സി) ഇടുക്കി ജില്ലയിലെ കോലാഹലമേട്ടിൽ ലൈവ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ് വക ബേസ്ഫാമും അനുബന്ധ കെട്ടിടങ്ങളും അടക്കമുള്ള സ്ഥലത്താണ് പുതിയ ഡയറി സയൻസ് കോളേജ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(ഡി) സ്ഥലം കൈമാറുന്നതിനുള്ള തീരുമാനമായിട്ടുണ്ട്. സർവകലാശാലയുടെ ബാദ്ധ്യത ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിന് നൽകേണ്ട നഷ്ടപരിഹാരം എന്നിവകൂടി തീരുമാനിക്കണം. ഇതു തീരുമാനിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

111 (429) ആയുർവേദ ആചാര്യൻമാരെക്കുറിച്ചുള്ള പഠനത്തിന് പ്രത്യേക കേന്ദ്രം

ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. ജോസ് ബേബി :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദരംഗത്തെ ആചാര്യൻമാരെക്കുറിച്ചുള്ള പഠനത്തിന് കാർഷിക സർവകലാശാലയിൽ പ്രത്യേക കേന്ദ്രം സ്ഥാപിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിനുള്ള എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നു വിശദമാക്കുമോ;

(സി) കാർഷിക കോളേജുകൾ മുഖേന ഔഷധ സസ്യ വ്യാപനത്തിനുള്ള എന്തെല്ലാം പരിപാടികൾ നടപ്പാക്കി വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി)വിശ്വപ്രസിദ്ധമായ ഹോർത്തൂസ് മലബാറിക്കസ് എന്ന സസ്യലതാദികളെക്കുറിച്ചുള്ള ശാസ്ത്രഗ്രന്ഥത്തിന്റെ രചനയിൽ മുഖ്യ പങ്കു വഹിച്ച ശ്രീ. ഇ.ടി. അച്ചുതന്റെ സ്മരണക്കായി ഒരു പച്ച മരുന്നു ഗവേഷണ കേന്ദ്രം ആരംഭിക്കാനും വെള്ളാനിക്കര മെഡിക്കൽ കാമ്പസിൽ വിപുലമായ ഒരു ബൊട്ടാണിക്കൽ ഗാർഡൻ സ്ഥാപിച്ച് അതിനെ ജൈവ വൈവിദ്ധ്യത്തിന്റെ മാതൃകയാക്കാനും പരിപാടിയുണ്ട്. അതിനായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വക കൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇൻഡ്യൻ കാർഷിക ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജിലും അങ്കമാലി സുഗന്ധ വിള ഗവേഷണകേന്ദ്രത്തിലും സുഗന്ധ-ഔഷധ സസ്യശേഖരണം കണ്ടെത്തൽ, സംരക്ഷണം, തരംതിരിക്കൽ, ഉൽപന്നമാക്കൽ, തൈകളുടെയും വിത്തുകളുടേയും വിതരണം എന്നീ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

(നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ)

112 (366) വനം വകുപ്പിൽ നിന്ന് പാട്ടത്തിനു നൽകിയിട്ടുള്ള ഭൂമി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിൽ നിന്നും ഏതെല്ലാം കോർപ്പറേഷനുകൾക്ക് വനഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്;

(ബി) ഇതിൽ ഓരോ കോർപ്പറേഷനും എത്ര ഏക്കർ വനഭൂമി ആണ് പാട്ടത്തിന് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) കോർപ്പറേഷനുകൾക്ക് ഏത് നിരക്കിലാണ് വനഭൂമി പാട്ടത്തിന് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) പാട്ടത്തിനു നൽകുമ്പോൾ എന്തെല്ലാം വ്യവസ്ഥകളാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വിശദീകരിക്കുമോ;

(ഇ) പ്രസ്തുത പാട്ടവ്യവസ്ഥകൾ പാലിക്കാത്ത സ്ഥാപനങ്ങൾക്ക് എതിരെ സർക്കാർ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(എഫ്) പാട്ടം കൃത്യമായി അടയ്ക്കാതെ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ ഏതെല്ലാം; ഓരോ സ്ഥാപനവും അടയ്ക്കാനുള്ള കുടിശ്ശിക എത്രയാണ് എന്ന് വ്യക്തമാക്കുമോ;

(ജി) പാട്ട കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കാൻ സർക്കാർ തലത്തിൽ കർശനമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)വനംവകുപ്പിൽ നിന്ന് വനഭൂമി പാട്ടത്തിന് നൽകിയിട്ടുള്ള കോർപ്പറേഷനുകളുടെയും പാട്ട ഭൂമിയുടെയും വിവരങ്ങൾ പട്ടിക-1-ൽ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വിവിധ കാലയളവിൽ നിലവിൽ നിന്നിരുന്ന നിരക്ക് താഴെ കാണിക്കുന്ന പ്രകാരമാണ്.

1.	18.12.72 മുതൽ 17.12.75 വരെ	-	125 രൂപ
2.	18.12.75 മുതൽ 17.12.78 വരെ	-	250 രൂപ
3.	18.12.78 മുതൽ 17.12.81 വരെ	-	475 രൂപ
4.	18.12.81 മുതൽ 17.12.87 വരെ	-	615 രൂപ
5.	18.12.87 മുതൽ നാളിതുവരെ	-	1300 രൂപ

(ഡി) പാട്ടത്തിനു നൽകുമ്പോൾ നിശ്ചയിച്ചിരുന്ന വ്യവസ്ഥകൾ പ്രധാനമായും താഴെ പറയുന്നവയാണ്.

---

† അനുബന്ധം V-I

LIBRARY ARCHIVES Kerala Legislative Assembly